ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം നടപ്പാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഫിഷറീസ് വകപ്പും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും കോസ്റ്റ്ഗാർഡും കടലിൽ ശക്തമായ പട്രോളിംഗ് നടത്തി വിദേശ ട്രോളറുകൾ നടത്തുന്ന അനധികൃത മത്സ്യബന്ധനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് LoP നല്കുന്നത് കേന്ദ്ര സർക്കാരാണ്. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത യാനങ്ങൾ ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതി വഴി തെരഞ്ഞെടുത്ത പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ നിലനിറുത്തി മത്സ്യം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനവും, യാന പരിഷ്കരണവും, മത്സ്യബന്ധന അനുബന്ധ ഉപകരണങ്ങളും സൗജന്യമായി നൽകുന്നു. ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിൽ ഉൾപ്പെടുത്തി 584 ഗ്രൂപ്പടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ജി.പി.എസ്. ഇൻസുലേറ്റഡ് ബോക്സ്, ലൈഫ് ജാക്കറ്റ്, അത്യാധുനിക ചൂണ്ടകൾ, കൃത്രിമ സിഗ്നൽ ലൈറ്റ്, ഫ്ലാഗ് എന്നിവ ഉൾപ്പെടുന്ന 55,000 രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറോട്ടോറിയം

152 (153) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ചിട്ടും ഇവർക്കെതിരെ ബാങ്കുകൾ ജപ്തി നടപടി സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടാശ്വാസത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മൊറട്ടോറിയം നിലനിൽക്കെ ജപ്തി നോട്ടീസ് അയയ്ക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാലുടൻ ബന്ധപ്പെട്ട ബാങ്കുകൾക്ക് കടാശ്വാസ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ ഓഫീസിൽ നിന്നും ജപ്തി നടപടികളിൽ നിന്നും പിൻവാങ്ങുന്നതിന് നിർദ്ദേശം നൽകിവരുന്നുണ്ട്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31-12-2007 വരെ, മത്സ്യ ബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യ തൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിൻമേൽ തുടങ്ങിവച്ചതോ തുടർന്ന് വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31-12-2014 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ 16-1-2014-ലെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികൾ

153 (154) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികൾ എത്ര ; മരണപ്പെട്ടവർ എത്ര ;

(ബി) ഇതിൽ എത്ര പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുകയുണ്ടായി : ധനസഹായം ലഭിക്കാൻ അവശേഷിക്കുന്നവർ എത്ര ;

(സി) സഹായം നല്കുന്നത് സംബന്ധിച്ച ചട്ടത്തിൽ മാറ്റം വരുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ ; ഭേദഗതി ചെയ്ത പ്രകാരമുള്ള ചട്ടങ്ങൾ എന്ന് മുതൽ നിലവിൽ വരുകയുണ്ടായി ;

(ഡി) ഭേദഗതിയെ തുടർന്ന് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതുക്കിയ ധനസഹായം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ 49 മത്സ്യ തൊഴിലാളികളെ കാണാതായിട്ടുണ്ട്. 129 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 16 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 4 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 12 പേർക്ക് ധനസഹായം അനുവദിക്കാനുണ്ട്.

(സി) ഈ സർകാർ അധികാരമേറ്റശേഷം ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകി വന്നിരുന്ന ധനസഹായം 7-12-2011 മുതൽ 2 ലക്ഷം രൂപയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly